# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി തയ്യാറാക്കിയ ചോദ്യാവലി

കേരളത്തിലെ നെൽവയലുകളുടേയും നീർത്തടങ്ങളുടേയും വിസ്തൃതി അനുദിനം കുറഞ്ഞുവരുന്നത് സംസ്ഥാനത്തിന്റെ സഹജ പാരിസ്ഥിതിക സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുന്നത് കൂടാതെ നെൽവയൽ വിസ്തൃതിയിൽ വന്ന ശോഷണം നെല്ലുല്പാദനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നു. അതിന്റെ അടിസ്ഥാനത്തിൽ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നത് തടയുന്നതിനും ലക്ഷ്യമിടുന്ന ഒരു ബില്ല് പന്ത്രണ്ടാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ 19.9.2007-ന് അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ബില്ല് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതിലെ വ്യവസ്ഥകൾ കുറ്റമറ്റതും പ്രായോഗികവും ആക്കുന്നതിനു വേണ്ടി ഭൂവുടമകളുടേയും, കർഷകരുടേയും മറ്റിതര വ്യക്തികളുടേയും സംഘടനകളുടേയും ശാസ്ത്രജ്ഞരുടേയും വിദഗ്ദ്ധരുടേയും അഭിപ്രായങ്ങൾ അറിയുവാൻ സമിതി ആഗ്രഹിക്കുന്നു. അതിലേയ്ക്കായി ഒരു ചോദ്യാവലി ചുവടെ ചേർക്കുന്നു. വസ്തുനിഷ്ഠമായ ഉത്തരങ്ങൾ പ്രതീക്ഷിക്കുന്നു.

1. താങ്കളുടെ/സംഘടനയുടെ/സമിതിയുടെ പേരും മേൽവിലാസവും :

2. താങ്കൾ ഒരു നെൽവയലിന്റെയോ നീർത്തടത്തിന്റേയോ (ചതപ്പുനിലങ്ങൾ/കുളങ്ങൾ/ചിറകൾ/വെള്ളക്കെട്ടുകൾ) ഏലായുടേയോ ഉടമയാണോ ? :

3. താങ്കളുടെ തൊഴിൽ :

4. കർഷകന്റെ/സമിതിയുടെ കൃഷി ഭൂമിയുടെ : വിവരങ്ങൾ

| നെൽപ്പാടം | ചതുപ്പുനിലം | കുളം | ചിറ | വെള്ളക്കെട്ട് | ആകെ വിസ്തീർണ്ണം |
|---|---|---|---|---|---|
| | | | | | |

ഉടമസ്ഥാവകാശമുള്ള ഭൂമിയുടെ വിസ്തീർണ്ണം

| നെൽപ്പാടം | ചതുപ്പുനിലം | കുളം | ചിറ | വെള്ളക്കെട്ട് | ആകെ വിസ്തീർണ്ണം |
|---|---|---|---|---|---|
| | | | | | |

5. നെൽവയലുകൾ നികത്തുക വഴി സംസ്ഥാനത്തെ നെല്ലുല്പാദനം ഗണ്യമായി കുറഞ്ഞുവരുന്നു എന്ന അഭിപ്രായത്തോട് താങ്കൾ യോജിക്കുന്നുണ്ടോ? എങ്കിൽ നെൽകൃഷി ആദായകരമാക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനും ഉതകുന്ന എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിക്കാനുള്ളത് ?

6. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന കടുത്ത ജലക്ഷാമത്തിന്റെ ഒരു കാരണം നെൽ വയൽ വ്യാപകമായി നികത്തപ്പെടുത്തുന്നതാണ് എന്ന അഭിപ്രായത്തോട് താങ്കൾ വിയോജിക്കുന്നുണ്ടോ, എങ്കിൽ കാരണങ്ങൾ?

7. നെൽവയലുകളും നീർത്തടങ്ങളും വ്യാപകമായി നികത്തുന്നത് പരിസ്ഥിതിയുടെ സഹജ സ്വഭാവം നഷ്ടപ്പെടുത്തുന്നു എന്ന അഭിപ്രായത്തോട് താങ്കൾ വിയോജിക്കുന്നുണ്ടോ ? എങ്കിൽ കാരണങ്ങൾ ?

8. ഭക്ഷ്യസുരക്ഷ പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ, നിലവിലുള്ള നെൽവയലുകളെ എങ്കിലും സംരക്ഷിച്ച് നെല്ലുല്പാദനം കൂട്ടേണ്ടതാണ്

എന്ന അഭിപ്രായത്തോട് താങ്കൾ യോജിക്കുന്നുണ്ടോ ? എങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

9. "നെൽ വയൽ" എന്നതിന് ഈ ബില്ലിൽ നൽകിയിട്ടുള്ള നിർവ്വചനം പര്യാപ്തമാണോ ? അല്ലെങ്കിൽ എന്ത് ഭേദഗതിയാണ് ആവശ്യം ?

10. പരിവർത്തനപ്പെടുത്തൽ എന്ന നിർവ്വചനത്തോട് യോജിക്കുന്നുണ്ടോ ? ഇല്ലെങ്കിൽ വ്യക്തമായ ഒരു നിർവ്വചനം നൽകുക.

11. ഖണ്ഡം 3-ൽ പ്രമുഖ നെല്ലുല്പാദന പ്രദേശങ്ങളിൽ പരാമർശിച്ചിട്ടുള്ള നെൽവയലുകളിൽ ജില്ലകളിലെ ഏതെങ്കിലും പ്രമുഖ നെൽ വയലുകളെയോ പാടശേഖരങ്ങളേയോ പ്രദേശങ്ങളെയോ ഒഴിവാക്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഉൾപ്പെടുത്തേണ്ടവ ഏതെല്ലാമാണ് ?

12. കാർഷിക പാരിസ്ഥിതിക മേഖലയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന മേഖലകൾ കൂടാതെ മറ്റേതെങ്കിലും ഉൾപ്പെടുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ ഉൾപ്പെടുത്തേണ്ട മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുക.

13. നെൽവയൽ സംരക്ഷിക്കുന്നതിനും, അതോടൊപ്പം നെല്ലുല്പാദനവും തൊഴിലവസരവും കാർഷിക വരുമാനവും വർദ്ധിപ്പിക്കുന്നതിനും ബില്ലിലെ നാലാം ഖണ്ഡത്തിലെ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് കരുതുന്നുണ്ടോ ? ഉണ്ടെങ്കിൽ ഏതു രീതിയിൽ ? 4(2) ഖണ്ഡത്തിൽ കൂടുതൽ വിളകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ സംയോജിതമായി കൃഷി ചെയ്യാവുന്ന വിളകൾ ഏതെല്ലാമാണ്?

14. ഖണ്ഡം 5-ലെ വ്യവസ്ഥകൾ പൊതു ആവശ്യത്തിന് ഭൂമി ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്യുന്നതിന് സാദ്ധ്യതയുള്ളതായി താങ്കൾ കരുതുന്നുണ്ടോ ? എങ്കിൽ ഈ ഖണ്ഡത്തിന് ശുപാർശ/ഭേദഗതികൾ സമർപ്പിക്കുക.

15. ഖണ്ഡം 7 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്റെ ചുമതല നിർവ്വഹിക്കുന്നില്ല എങ്കിൽ അയാളുടെ മേൽ നടപടി സ്വീകരിക്കണം എന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ ? ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിക്കണം ?

16. നെൽവയൽ സംരക്ഷിക്കുന്നതിനും അതോടൊപ്പം നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനും ബില്ലിലെ 10-ഉം 11-ഉം വ്യവസ്ഥകൾ പര്യാപ്തമാണ് എന്ന് താങ്കൾ കരുതുന്നുണ്ടോ ? ഇല്ലെങ്കിൽ കൂടുതലായി ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ ഏതെല്ലാം ?

17. നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള ബില്ലിലെ 11-ാം ഖണ്ഡത്തിലെ വ്യവസ്ഥകളിൽ ഭേദഗതികൾ ആവശ്യമാണോ? ഉണ്ടെങ്കിൽ എന്തെല്ലാം?

18. ബില്ലിലെ 12-ാം ഖണ്ഡത്തിലെ വ്യവസ്ഥകളിൽ ഭേദഗതികൾ ആവശ്യമുണ്ടോ? കൃഷി ചെയ്യാനുള്ള അവകാശം വിലയ്ക്കു വാങ്ങിയ ആളിനെ കാലാവധി പൂർത്തിയാകുംവരെ തുടരാൻ അനുവദിക്കണം എന്ന് താങ്കൾ കരുതുന്നുണ്ടോ? ഉണ്ടെങ്കിൽ കാരണങ്ങൾ?

19. നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിക്ഷാവ്യവസ്ഥകൾ (കണ്ടുകെട്ടൽ ഉൾപ്പെടെ) പര്യാപ്തമാണോ ? അല്ലെങ്കിൽ കൂടുതൽ ഫലപ്രദമായ വ്യവസ്ഥകൾ നിർദ്ദേശിക്കുക?

20. നെൽകൃഷി പ്രോത്സാഹനാർത്ഥം നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ നെൽകൃഷി ആദായകരമാക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനും ഏതെങ്കിലും രീതിയിലുള്ള സഹായസഹകരണം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് താങ്കൾ കരുതുന്നുണ്ടോ ? ഉണ്ടെങ്കിൽ ഏതു രീതിയിൽ ?

21. നികത്തിയ നെൽവയലുകളും നീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കുന്നതിനെക്കുറിച്ചും അതിന് വേണ്ടി വരുന്ന ചെലവ് ഉടമയിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ചും താങ്കളുടെ അഭിപ്രായമെന്താണ്? ഇതിന് മുൻകാല പ്രാബല്യം നൽകണമെന്ന് താങ്കൾ കരുതുന്നുണ്ടോ?

22. നെൽവയലുകളും, നീർത്തടങ്ങളും നികത്തുന്നതിനും മറ്റ് ഏതെങ്കിലും ആവശ്യത്തിനും കുന്നും, മലയും ഇടിച്ച് മണ്ണ് നീക്കം ചെയ്യുന്നത് നിരോധിക്കണമെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ? ഇപ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിനെതിരെ വ്യവസ്ഥ ചെയ്തു കൊണ്ടുള്ള നിയമ നിർമ്മാണം ആവശ്യമുണ്ടോ ?

23. പാരിസ്ഥിതിക തുലനാവസ്ഥയ്ക്ക് ഹാനികരമല്ലാത്തവിധം കളിമൺ ഖനന സ്ഥലം നികത്താം എന്ന വ്യവസ്ഥയിൽ കളിമൺ ഖനനം ചെയ്യാൻ അനുവാദം നൽകുന്നതിനോട് താങ്കൾ യോജിക്കുന്നുണ്ടോ?

24. ഈ ബില്ലിൽ കൂടുതലായി എന്തെങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

**<u>കുറിപ്പ്</u>**

1. ബില്ലിന്റെ പകർപ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് നേരിട്ടും നിയമസഭാ വെബ്സൈറ്റ് (www.niyamasabha.org) 8.9.2007-ലെ അസാധാരണ ഗസറ്റ് എന്നിവ മുഖേനയും പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ, കൃഷിഭവനുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

2. ഉത്തരങ്ങൾ 31-12-2007 തീയതിയ്ക്കോ അതിനു മുമ്പോ ***ചെയർമാൻ, 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം*** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

തിരുവനന്തപുരം,
27. 10.2007.

സെക്രട്ടറി,
കേരള നിയമസഭ.

പിഎസ്/271007